# ACADEMIC MASTERPLAN

# 2025-2026



/

- ആമുഖം
- ലക്ഷ്യങ്ങൾ അക്കാദമിക മികവിന് ഊന്നൽ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങളിൽ
- നടന്ന കാര്യങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേ ണ്ട പ്രവർത്തനങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം വിഷൻ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- വിഷയം അടിസ്ഥാനമാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ
- മാസ പ്രവർത്തനങ്ങൾ
- പഠന വൈകല്യമുള്ള കുട്ടികൾക്ക് പിന്തുണ നൽകൽ.
- ഉപസംഹാരം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത് .വികസനോൻ മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട് .നല്ല ആരോഗ്യവും ക്ഷേമവും ഗുണനിലവാരവും ഉള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാ അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠ രീതികളും സംജാതമാക്കുക അതുവഴി പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറട്ടെ, അതിനായി നമുക്ക് ഒന്നിച്ച് പരിശ്രമിച്ച മുന്നേറാം......

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു

- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

- വിദ്യാർത്ഥികൾ തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും രക്ഷിതാക്കളും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ വിദ്യാർത്ഥിയെയും പരിഗണിച്ചുകൊണ്ട് അവരുടെ പരമാവധി വികാസം 'സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത ലഹരിമുക്ത വിദ്യാലയമായി മാറ്റുന്നതിന് അധ്യാപകരും രക്ഷിതാക്കളും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു.
- കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതനും പരിഹരിക്കുന്നതിനും

കുട്ടികൾക്കായി കൗൺസിലിങ് നടത്തിവരുന്നു.

- കുട്ടികളുടെ കഴിവുകൾ പുറത്തെടുക്കുന്നതിനുംലക്ഷ്യബോധമുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനും പ്രത്യേക മോട്ടിവേഷൻ ക്ലാസുകളും തെറാപ്പികളും നൽകുന്നു.

- പഠന പിന്തുണ ആവശ്യമായിട്ടുള്ള കുട്ടികൾക്ക് പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തുപഠനം സാധ്യമാക്കുന്നു.

- പഠന ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി വിവിധ സ്കോളർഷിപ്പുകൾ കായി ഒരുക്കുന്നു.

- ഭവന സന്ദർശനങ്ങളിലൂടെ കുട്ടികളുടെ ജീവിതപശ്ചാത്തലത്തെ മനസ്സിലാക്കി അവർക്ക് ആവശ്യമായ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നു.
- മാതാപിതാക്കളുമായുള്ള ബന്ധത്തിലൂടെ കുട്ടികളുടെകഴിവുകളെയും കുറവുകളെയും കണ്ടെത്തുകയും ആവശ്യാനുസരണം നിർദ്ദേശങ്ങൾ മാതാപിതാക്കൾക്കും കുട്ടികൾക്കും നൽകുന്നു.
- കായിക മേഖലയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർ തെരഞ്ഞെടുക്കുന്ന ഇനങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ നൽകുകയും വിവിധ മത്സരങ്ങൾക്കായി ഒരുക്കുകയും ചെയ്യുന്നു.
- കുട്ടികളിലെ സർഗാത്മക കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു മത്സരങ്ങൾക്ക് കുട്ടികളെ സജ്ജമാക്കുന്നു.

## ഇൻഫന്റ്  ജീസസ്സ് വിദ്യാലയ ചരിത്രം

കൊച്ചി രാജ്യ ചരിത്രവുമായി ബന്ധപ്പെട്ടും അനേകംസംഭവങ്ങളാൽ കെട്ടുപിണഞ്ഞു കിടക്കുന്നതും പ്രകൃതി രമണീയതുടെ കളിത്തൊട്ടിലായി പരിലസിക്കുന്നതുമായ അരണാട്ടു കരയിൽ ആദ്യമായി പള്ളിക്കൂടം ആരംഭിച്ചത് 1886-ൽ ആണ് 1947 തരകൻസ് സ്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർന്നപ്പോൾ അഭ്യുദയാകംക്ഷികളായ നാട്ടുകാരും ഇടവകകാരും അന്നത്തെ വികാരിയായിരുന്ന ഫാ. ജോർജ്ജ് അക്കരയുടെ നേതൃത്വത്തിൽ പുത്തൻച്ചിറയിലെ ഹോളിഫാമിലി

സിസ്റ്റേഴ്സിനെ ഈ വിദ്യാലയത്തിലെ പെൺകുട്ടികളുടെ ചുമതല എറ്റേടുത്ത് പുതിയൊരു പള്ളിക്കൂടത്തിന് രൂപം നൽകാൻ നിർബന്ധപൂർവ്വം ക്ഷണിച്ചു . ജനങ്ങളുടെ ആഗ്രഹത്തെ മാനിച്ച് അന്നത്തെ മദർ ജനറലായ മദർ ഇസബെല്ലിന്റെ മാനേജ്മെൻറിൽ ചിരിയൻക്കണ്ടത്ത് അന്തോണി മൈക്കിളിന്റെ സ്ഥലം വാടകയ്ക്ക് എടുത്ത് നാട്ടുകാരുടെ പരിശ്രമഫലമായി നിർമ്മിച്ച ഷെഡിൽ പെൺപള്ളികൂടത്തിന് നാന്ദികുറിച്ചു. 30 കുട്ടികൾ ഉണ്ടായിരുന്ന ഈ ക്ളാസിൽ (8-ാംക്ളാസ്) പ്രഥമ അധ്യാപിക സി.ഫ്ളാവിയ ആയിരുന്നു 2-ാം വർഷം 8,9 ക്ളാസുകൾ ശ്രീ ഇരുമ്പൻ ദേവസി മാസ്റ്ററുടെ വീട് വാടയ്ക്ക് എടുത്താണ് നടത്തിയിരുന്നത്. 9-ാം ക്ളാസിന്റെ ഉത്തരവാദിത്വം മദർ ഏഴ് സലയ്ക്കായിരുന്നു.

1948 ഡിസംബർ 30ന് മഠക്കാർ സ്ഥലം വാങ്ങി പുതുതായി പണികഴിപ്പിച്ച കേട്ടിടത്തിലേക്ക് ക്ളാസ്സുകൾ മാറ്റി. 1949 -ൽ ഇവിടെ 10-ാം ക്ള്സ് ആരംഭിച്ചു നല്ലൊരു നാളെയുടെ നവ മുകുളങ്ങളെ വാർത്തെടുക്കാൻ അരണാട്ടുകരയിൽ അങ്ങനെ ഒരു ഗേൾസ് സ്ക്കൂൾ രൂപം കൊണ്ടു' തരകൻ ഹൈസ്ക്കൂൾ എന്ന നാമധേയത്തിൽ പ്രസിദ്ധിയാർജിച്ച് കഴിഞ്ഞിരുന്ന ഈ രണ്ടു സ്ഥാപനങ്ങളുടെയും പ്രധാന അധ്യാപകൻ ശ്രീ എ.ജെ പോൾ മാസ്റ്ററായിരുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്.

1950 ജൂൺ 5 ഈ വിദ്യാലയത്തിന്റെ ചരിത്രത്തിൽ അവിസ്മരണനീയമായ ഒരു വർഷമാണ്. അന്നാണ് ഇൻഫന്റ് ജീസ്സ്സ് സ്കൂൾ രൂപംകൊണ്ടത് അന്നത്തെ വിദ്യഭ്യാസ ഡയറക്ടറായിരുന്ന റാവുസാഹിബ് ഐ. എൻ മേനോന്റെ സവിശേഷമായ അനുഭാവത്തിൽ അരണാട്ടുക്കര ഇൻഫന്റ് ജീസ്സസ് വിദ്യാലയം ഒരു ബ്രാഞ്ച് സ്ക്കൂളിന്റെ അവസ്ഥയിൽ നിന്ന് സ്വതന്ത്രസ്കൂളായിത്തീർന്നു ലോകൈക ഗുരുവായ യേശുവിന്റെ പ്രബോധന ധർമ്മത്തിൽ ക്രിയാത്മകമായി പങ്കുചേരുക എന്ന ലക്ഷ്യത്തോടെ ദൈവ അറിവു പകരുന്നതിനായിട്ടാണ് വിദ്യാലയങ്ങൾ ആരംഭിച്ചത് ഹോളിഫാമിലി സന്യാസിനീ സമൂഹസ്ഥാപക വാ.മറിയം ത്രേസ്യായുടെ മാതൃക അനുകരിച്ച് മൂല്യാധിഷ്ടിതമായ ഒരു ജീവിത രീതി വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനാണ്

അരണാട്ടുകരയിൽ പെൺകുട്ടികൾക്കായി ഈ വിദ്യാലയം ആരംഭിച്ചത് ‘മാനുഷികവും സാംസ്കാരികവുമായ മൂല്യങ്ങൾ ഉൾകൊള്ളാനുംപ്രപഞ്ചത്തിലും ശാസ്ത്രസാങ്കേതിക നേട്ടങ്ങളിലും ഒളിഞ്ഞിരിക്കുന്ന ഈശ്വരനെ ദർശിക്കുവാനും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിൽ ഈ വിദ്യാലയം ശ്രദ്ധ പതിപ്പിക്കുന്നു.ഇൻഫന്റ് ജീസസ് എന്ന നാമധേയത്തോടെ 1950 ജൂൺ അഞ്ചിന് ആരംഭിച്ച ഹൈസ്കൂൾ സ്ക്കൂൾ വിഭാഗത്തോടനുബന്ധിച്ച് 1951-ൽ യൂപി വിഭാഗവും 1952-ൽ എൽ പി വിഭാഗവും പ്രവർത്തിച്ചു തുടങ്ങി . പ്രഥമ പ്രധാന അധ്യാപികയായ മദർ ഏഴ്സല നീണ്ട 15 വിഷകാലം പ്രധാന അധ്യാപികയായി സ്തുത്യർഹമാം വിധം സേവനമനുഷ്ഠിച്ചു ഗൈഡിങ്ങിൽ സംസ്ഥാനത്ത് മുൻപന്തിയിൽ നിൽക്കുവാനും കേരളത്തിൽ ആദ്യമായി പ്രസിഡണ്ടു ഗൈഡുകളെ സൃഷ്ടിക്കുവാനും 1965 ഗൈഡിംഗ് പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ ബഹുമതിയായ പ്രസിഡണ്ട് ബാഡ്ജ് അന്നത്തെ പസിഡണ്ടായിരുന്ന ഡോ രാധാകൃഷ്ണ നിൽനിന്നുവാങ്ങുവാനുള്ള ഭാഗ്യം ഈ വിദ്യാലയത്തിനുതന്നെ കൈവന്നു. 1956ൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികളുടെ ബാന്റ്സെറ്റ് രൂപീകരിച്ചതും ഈ സ്കൂളിൽ തന്നെയായിരുന്നു എന്നത് പ്രത്യേകം പസ്താവ്യമാണ്

മദർ എഴ്സലയ്ക്ക് 1970 ൻ തന്റെ സേവനത്തിന്റെ അംഗീകാരമായി സംസ്ഥാന ദേശീയ അവാർഡുകൾ ലഭിക്കുകയുണ്ടായി രജതജൂബിലി സ്മാരകമായി ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിക്കുകയും മദർ ഏഴ്സലയുടെ റിട്ടയർമെന്റ് ആഘോഷിക്കുകയും ചെയ്തു. മദർ ഏഴ്സലയ്ക്കു ശേഷം സി. ഫ്ളാവിയ പ്രധാന അധ്യാപികയാകുകയും 1976 ൽ മദർ പ്രോസ്പർ ഹെഡ്മിസ്ട്രസ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. 1979 മുതൽ വിദ്യാലയത്തിന്റെ ഹെഡ്മിസ്ട്രസ്സായി ജോലി നോക്കിയത് സി. മേരി ട്രീസയാണ്. 9 വർഷം ഇവിടെ സേവനം കാഴ്ചവെച്ച സിസ്റ്റർ 1988 ഇവിടെ നിന്നു വിരമിച്ചു തുടർന്ന് സി മരിയ പ്രധാന അധ്യാപികയാവുകയും ചെയ്തു. 1992 ൽ എൽ കെ ജി ക്ളാസ്സുകൾ ആരംഭിച്ച് 5 മുതൽ 10 വരെ ഇംഗ്ളിഷ്മീഡിയം പാരലൽ ക്ളാസ്സുകൾ തുടങ്ങി വിദ്യാർത്ഥികളുടെ യാത്ര ക്ളേശങ്ങൽ ഒഴിവാക്കാൻ 1993ൽ

സ്കൂൾ ബസ്സ് ഏർപ്പെടുത്തി 1996 ൽ സി മരിയയുടെ റിട്ടയർ മെൻറിനോടനുബന്ധിച്ച് ഒരു ഓഡിറ്റോറിയം നിർമിച്ചത് വിദ്യാലയ പ്രവർത്തനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി. തുടർന്ന് സി.വലൻസിയ ഈ വിദ്യാലയത്തിൻ സാരഥ്യം ഏറ്റെടുക്കുകയും 1992 ൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തി പഠന പ്രക്രിയ കൂടുതൽ നവീകൃതമാകുകയും ചെയ്തു. സി.വലൻസിയക്കുശേഷം 1998 ചാർജ്ജ് സി പയസിന്റെ നേതൃത്വത്തിൽ ഈ വിദ്യലയത്തിന്റെ സുവർണ്ണ ജൂബിലി സമുചിതമായി ആഘോഷിച്ചു ജൂബിലിസ്മാരകമായി കൂട്ടികളിൽ വായനാശീലം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു വായനാമുറി പണിതീർത്തു. 2001 മുതൽ സി ജെസി തേറാട്ടിൽ ഈ വിദ്യാലയത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുത്തു 2003 ൽ എസ്.എസ്.എൽ സി പരീക്ഷയ്ക്ക് 100% വിജയം നേടിയെടുത്തതും 2005ൽ തൃശ്ശൂർ ജില്ലയിലെ എയ്ഡ്സ് മേഖലയിൽ ബെസ്റ്റ് സ്ക്കൂൾ ആയി തെരെഞ്ഞെടുത്തതും ഈ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തി എന്നത് അഭിമാനാർഹമാണ് 2013 ൽ സി .ജെസ്സി തേറാട്ടിൽ തന്റെ സേവനരംഗത്തുനിന്ന് വിരമിക്കുകയും 2013-2014 വർഷത്തിൽ സി. ദിപ്തി പോൾ ദൗത്യം എറ്റെടുക്കുകയുംചെയ്തു 2016 സിസ്റ്റം മെറിൻ പോൾ ഇൻഫന്റ് ജീസസിന്റെ പുതിയ സാരഥിയായി സ്ഥാനമേറ്റു ഹോളി ഫാമിലി വിദ്യാലയങ്ങളുടെ ശതാബ്ദിയോട് അനുബന്ധിച്ച് ഭവനരഹിതരായ ഒരു വിദ്യാർഥനയ്ക്ക് വീട് നിർമ്മിച്ചു നൽകി പഠനം എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക സജ്ജീകരണങ്ങളുടെ മുറിയിൽ സ്മാർട്ട് ക്ലാസ്സ് റൂം വിപുലീകരിച്ചു 2016 കാരുണ്യവർഷത്തോടനുബന്ധിച്ച് ആക്ട് സംഘടനയോട് ചേർന്ന് എല്ലാ ദിവസവും തെരുവിലെ മക്കൾക്ക് പൊതിച്ചോറ് നൽകി. 2016 തൃശൂർ വെസ്റ്റ് ബജിയിലെ ബെസ്റ്റ് സ്കൂൾ അവാർഡ് ലഭിച്ചു വിദ്യാലയം ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി 11 ക്ലാസ് റൂമിൽ കമ്പ്യൂട്ടർ സ്ഥാപിച്ചു.
ക്ളാസ് റൂം ൽ കമ്പ്യൂട്ടർ സ്ഥാപിച്ചു 2017ൽ സി മെറിൻ പോൾ റിട്ടയർ യ്യുകയും സി ജിറ്റ്സി പനച്ചിക്കൽ ഹെഡ്മിസ്ട്രസായി സ്ഥാനമേൽക്കുകയും ചെയ്തു.2021ൽ വിദ്യാലയം പുതുക്കിപ്പണിയുകയും ക്ലാസ് ആരംഭിക്കുകയും ചെയ്തു.2023ല് സിസ്റ്റർ ജിറ്റ്സി റിട്ടയർ ആയതിനെ തുടർന്ന്

സിസ്റ്റർ ജോസഫിൻ പ്രധാന അധ്യാപിക ആകുകയും വിദ്യാലയത്തിന് നേതൃത്വം നൽകുകയും ചെയ്തു.വിദ്യാലയത്തിൽ ബാസ്ക്കറ്റ്ബോൾ കോർട്ടിന്റെ നിർമ്മാണം നടത്തി.ഐടി മേഖലയിൽ കുട്ടികൾക്ക് അറിവ് ലഭിക്കുവാനായി എംഎൽഎ ഫണ്ടിൽനിന്ന് 5 ലാപ്ടോപ്പ് വിദ്യാലയത്തിന് ലഭിച്ചു.കായികം മേഖലകളിൽകോർഫ് ബോൾ ബാസ്ക്കറ്റ് ബോൾ എന്നിവയിൽ കുട്ടികൾ നാഷണൽ ലെവൽ ടീമിലേക്ക് സെലക്ട് ചെയ്യുകയും വിജയികളാവുകയും ചെയ്തു.2024 ഒക്ടോബർ 16 17 തീയതികളിൽ തൃശ്ശൂർ വെസ്റ്റ് ഉപജില്ലയുടെ ശാസ്ത്രമേളഇൻഫന്റ് ജീസസ്സ് വിദ്യാലയത്തിലാണ് നടത്തിയത്.2025 ജനുവരി 21ആം തീയതി വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയുംസാമൂഹിക രാഷ്ട്രീയ നേതാക്കൾ ജൂബിലിയിൽ പങ്കെടുക്കുകയും ചെയ്തു പൂർവ്വ വിദ്യാർത്ഥിനികളുടെ സംഗമങ്ങൾവിദ്യാലയത്തിൽ നടന്നുവരുന്നു ബാസ്ക്കറ്റ്ബോൾ കോർട്ടിന്റെ ഇനോഗ്രേഷൻ ബഹുമാനപ്പെട്ട കളക്ടർ ശ്രീ അർജുൻ പാണ്ഡെ നിർവഹിക്കുകയുണ്ടായി കായിക രംഗത്തെ പ്രമുഖരായ വ്യക്തികൾ അതിൽ പങ്കെടുത്തു.75 -ാം വാർഷികത്തോട് അനുബന്ധിച്ച് വിദ്യാലയം 75 ഇനം പരിപാടികൾ സംഘടിപ്പിച്ചു. 75th ആനിവേഴ്സറി പലൂസഎന്ന പേരോടെയാണ് 75-ാം വാർഷികത്തിന്റെ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്.75-ാം വാർഷികത്തോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ അനുഭവങ്ങളും കഴിവുകളും പ്രമുഖരായവരുടെ ആശംസകൾ ചേർത്ത് വെച്ച് എറ്റേർനോ ടാപ്പി സ് എന്ന മാഗസീൻ പ്രകാശനം ചെയ്തു.

20 ഡിവിഷനുകളിലായി 660 ഓളം കുട്ടികൾ ഇവിടെ അധ്യയനം നടത്തി വരുന്നു അധ്യാപികാനധ്യാപിക വിഭാഗത്തിലിൽ 35 ഓളം പേർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. മാസാരംഭത്തിൽ പ്രാർത്ഥനാ സമ്മേളനം. ദിവ്യബലി, മതബോധനക്ളാസ്സുകൾ ഇവ നടത്തി വരുന്നു വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കാൻ എൻഡോവ്മെൻ്റ് കളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ മൽസരങ്ങളിൽ പങ്കെടുത്ത് വിദ്യാർത്ഥികൾ ാ അവാർഡുകളും ട്രോഫികളും നേടുന്നു. സോഷ്യൽ സർവീസ് ഡെ

ആഘോഷിക്കുകയും അതിലൂടെ ലഭ്യമാകുന്ന പണം സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ ഈ വിദ്യാലയത്തിലെ പാവപ്പെട്ട കുട്ടികൾക്ക് യൂണിഫോം പഠനോപകരണങ്ങൾ എന്നിവ നൽകുന്നതിന് ഉപയോഗിച്ചുവരുന്നു വിദ്യാർത്ഥികളുടെ സാഹിത്യഭിരുചി വളർത്തുന്നതിനുതകും വിധം കൈയ്യഴുത്തുമാസികാ പ്രകാശനവും പൊതുവിജ്ഞാനമേഖല വിപുലീകരിക്കാൻ പര്യാ പതമായ ക്വിസ് പ്രോഗ്രാമും ഇടയ്ക്കിടെ നടത്തി വരുന്നു.

കെ.സി.എസ്.എൽ, ഡി.സി.എൽ . ഗൈഡിംഗ് യോഗ ജൂഡോ,വിദ്യാരംഗം, കലാസാഹിത്യവേദി, വിവിധതരം ക്ളബുകൾ എന്നിവയിലൂടെ വിദ്യാർത്ഥികളെ കലാ കായിക ശാസ്ത്ര സാഹിത്യ രംഗങ്ങളിൽ നിപുണരായി തീർക്കുവാൻ ശ്രദ്ധിക്കുന്നു വിവിധ സ്കോളർഷിപ്പു പരീക്ഷകളിലും യുവജനോൽസവങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ച് നല്ല വിജയം ഉറപ്പാക്കി വിദ്യാലയം മുന്നേറുന്നു.

ഇന്ന് ഈ വിദ്യാലയത്തിന് ഈ നിലയിൽ എത്തിചേരാൻ സാധിച്ചിട്ടുള്ളത് നിസ്വാർത്ഥമതികളും സേവനസന്നദ്ധരുമായ പ്രധാന അധ്യാപികമാരുടെ അർപ്പണ നോഭാവവും ത്യാഗമനസ്ഥിതിയുള്ള അധ്യാപരുടെയും സേവനസന്നദ്ധതയും സഹകരണ മനോഭാവമുള്ള പ്രവർത്തനവും രക്ഷാകർത്താക്കളുടെയും അഭ്യുദയാകാംക്ഷികളുടെയും സർവ്വോപരി ഉണ്ണീശോയുടെ കൂട്ടായ അനുഗ്രശിസുമാണ് അങ്ങിനെ പുത്തൻച്ചിറയിലെ കൗച്ചുഗ്രാമത്തിൽ വിശുദ്ധമറിയം ത്രേസ്യ കൊളുത്തിയ ദീപനാളം അരണാട്ടുകരയിലെ ഹൃദയഭാഗത്തും പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

.വിദ്യാലയം മികവിന്റെ കേന്ദ്രം

- വളരെയധികം ചിട്ടയോടെയും കൃത്യതയോടെയും ആണ് ഈ വിദ്യാലയത്തിൽ അക്കാദമികവും അനക്കാദമികവുമായ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നേട്ടങ്ങൾ വിലയിരുത്തുകയും ഡിവിഷൻ വൈസ് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം ഭാഷകളിലായി ഓരോ ദിവസവും അസംബ്ലി നടത്തുന്നു. അസംബ്ലിയിൽ അതാത് ക്ലാസിലെ കുട്ടികൾ പ്രസംഗം , കഥ, കവിത സത്ചിന്തകൾഅവതരിപ്പിക്കുകയും കഥ,കവിത എന്നിവ അവതരിപ്പിക്കുകയും ചെയ്യുന്നു. എല്ലാദിവസവും ക്വിസ് മത്സരത്തിന് ഒരുക്കമായി ചോദ്യവും ഉത്തരവും നൽകിവരുന്നു. കൂടുതലായി ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം എല്ലാമാസവും സംഘടിപ്പിച്ച് വിജയികൾക്ക് പ്രോത്സാഹനം നൽകിവരുന്നു.

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളുടെ കോപ്പി ബുക്കുകൾ എഴുതിക്കുന്നതിനാൽ കുട്ടികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നുണ്ട്.

- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് വേണ്ടി കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

 *  കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി മൂന്ന് വർത്തമാനപത്രം എല്ലാ ക്ലാസിലും നൽകി വരുന്നുണ്ട്. കൂടാതെ ലൈബ്രറി ബുക്ക് പരസ്പരം കൈമാറി കുട്ടികളിലെ വായനാശീലം വളർത്തുന്നു. ഓരോ ക്ലാസ്സിലും റീഡിങ്ങ് കോർണർ സംഘടിപ്പിച്ചിരിക്കുന്നു.

ഇംഗ്ലീഷ് ഒഡീസി അക്ഷര യാനം തുടങ്ങിയ പദ്ധതികളിൽ കുട്ടികളെ ഉൾപ്പെടുത്തുന്നു.

- കുട്ടികളിലെ കായികപരമായ കഴിവുകൾ പോഷിപ്പിക്കുന്നതിനായി നെറ്റ് ബോൾ, ബാസ്ക്കറ്റ് ബോൾ, കോഫ് ബോൾ, ഫുട്ട്ബോൾ, സ്കെയ്റ്റിംഗ്, ചെസ്സ്, ആം റസിലിംഗ് എന്നിവയ്ക്ക് കൃത്യമായ പരിശീലനം നൽകി വരുന്നു. നമ്മുടെ വിദ്യാർഥികൾ മത്സരങ്ങളിൽ പങ്കെടുത്ത് ജില്ലാ സംസ്ഥാന തലങ്ങളിൽ മികവ്തെളിയിക്കുകയും ചെയ്തിട്ടുണ്ട്. പുതിയതായി പണിതീർത്ത ബാസ്കറ്റ്ബോൾ കോർട്ട് കുട്ടികൾക്ക് നല്ല രീതിയിൽ പരിശീലനം നൽകുന്നതിന് ഉപകരിക്കുന്നുണ്ട്.

- UP, HS വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ ടൈംടേബിൾ അനുസരിച്ച് ഐടി .ക്ലാസുകൾ നടത്തുകയും കൂടുതൽ താല്പര്യം ഉള്ള വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന നല്ല രീതിയിൽ നടന്നുവരുന്നു.

- അധ്യാപകർ ആഴ്ചയിലൊരു ദിവസം എസ് ആർ ജി കൂടുകയും പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

- ഈ വിദ്യാലയത്തിൽ സുസജ്ജമായ ഒരു പിടിഎ പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാലയത്തിന്റെ പുരോഗതിക്കായി എല്ലാ പ്രവർത്തനങ്ങളിലും അധ്യാപകരോടൊപ്പം ഒരുമിച്ച് നിന്ന് പ്രവർത്തിക്കുന്നുണ്ട്.

- പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി Morning, Evening , Nightക്ലാസുകൾ നടത്തി വരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി പ്രത്യേക പഠനം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നല്ല രീതിയിൽ പരിശീലനം നൽകിവരുന്നു.

- പാഠ്യേതര പ്രവർത്തനങ്ങൾ ആയ കലകൾക്കും പ്രവർത്തിപരിചയ പ്രവർത്തനങ്ങൾക്കും പ്രത്യേകം പരിശീലനം നൽകിവരുന്നു.

- പ്രതിഭാ പോഷണ പരിശീലനത്തിന്റെ ഭാഗമായി USS, NMMS പരീക്ഷകൾക്ക് പ്രത്യേകം ക്ലാസുകളും പരിശീലനങ്ങളും നൽകിവരുന്നു.

## പരിമിതികൾ നേട്ടങ്ങൾ

### പരമിതികൾ

- സി.ബി. എസ്. ഇ സ്കൂളുകളുടെ ആധിക്യം

- വിദ്യാസമ്പന്നരായ രക്ഷിതാക്കളുടെ കുറവ്

- ടൗൺ സൗകര്യങ്ങളുള്ള വിദ്യാഭ്യാസ സംസ്ക്കാരത്തോടുള്ള

ആഭിമുഖ്യം

- ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത
- ശിശുജനന നിരക്കിലുള്ള അനുപാതികമായ കുറവ്
- ബാലാവകാശ നിയമങ്ങളുടെ ദുർവ്യാഖ്യാനം മൂലമുള്ള ഭീഷണി
- കായിക പരിശീലനത്തിന്റെ സ്ഥലപരിമിതി
- കുട്ടികൾക്ക് ആവശ്യമായ ലാപ്ടോപ്പുകളുടെ എണ്ണക്കുറവ്.

നേട്ടങ്ങൾ

- തുടർച്ചയായി 2 വർഷം ബെസ്റ്റ് സ്കൂൾ അവാർഡ്
- തുടർച്ചയായ വർഷങ്ങളിൽ 100% എസ് എൽ സി വിജയം
- NMMS ,USS , Sanskrit Scholarship തുടങ്ങിയവയുടെ വർദ്ധനവ്. SSLC Full A+ വർദ്ധനവ്.
- ശക്തമായ സഹകരണമുള്ള പി ടി എ
- ഗൈഡിങ്ങിലുള്ള നേട്ടങ്ങൾ
- രാഷ്ട്രപതിപുരസ്കാര ജേതാക്കൾ
- വ്യത്യസ്ത കഴിവുകളുള്ള അധ്യാപകർ
- ബെസ്റ്റ് എച്ച് എം അവാർഡ്
- കാരുണ്യ ഭവനം
- സ്നേഹപൊതി വിതരണം

- രക്തദാന ക്യാമ്പുകൾ
- ബോധവൽക്കരണ ക്ലാസ്സുകൾ
- ഹൈടെക്ക് ക്ലാസ്സുകൾ
- കൗൺസിലിങ് സൗകര്യം
- വിദ്യാർത്ഥികൾക്കും,അധ്യാപകർക്കും,മാതാപിതാക്കൾ ക്കും ഉള്ള മോട്ടിവേഷൻ ക്ലാസ്സുകൾ
- കായിക രംഗത്തെ പുരോഗതി
- പുതിയ കെട്ടിടം ബാസ്ക്കറ്റ്ബോൾ കോർട്ട്.
- ഉപജില്ല സംസ്ഥാന തല മത്സരങ്ങൾക്ക് കുട്ടികൾ തിരഞ്ഞെടുക്കപ്പെടുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ജലസംരക്ഷണ വിതരണ സംവിധാനം ഉറപ്പാക്കുക
- ജലസംരക്ഷണത്തിന്റെ ആവശ്യകത ഉറപ്പുവരുത്തുക
- കുട്ടികളുടെയും അധ്യാപകരുടെയും വാഹനങ്ങൾ സുരക്ഷിതമായി സംരക്ഷിക്കുക
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം രൂപപ്പെടുത്തുക
- അജൈവ മാലിന്യങ്ങൾ വേർതിരിച്ചു നിക്ഷേപിക്കുന്നത് ഒരു ശീലമാക്കുക.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ
- യാത്രാ സൗകര്യം ഒരുക്കുക വഴി കുട്ടിളുടെ കൊഴിഞ്ഞുപോക്ക് കുറക്കാൻ സാധിക്കുന്നു

- ആധുനിക സാങ്കേതിക വിദ്യാധിഷ്ടിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്സ്മുറികൾ
- ശിശു സൗഹൃദ ക്ലാസ്സ് മുറികൾ രൂപപ്പെടുത്തൽ
- സർഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സമഗ്ര വിദ്യാഭ്യാസം നൽകൽ
- വായനാ സംസ്ക്കാരം പ്രോത്സാഹിപ്പിക്കുക
- വ്യക്തിഗതമായി പരീക്ഷണ നിരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യമൊരുക്കൽ
- ഓരോ കുട്ടിയും ഭാഷാജ്ഞാനം ആർജ്ജിക്കുക.

# ACADEMIC

SRG,SUBJECTCOUNCIL,PTA,EXICUTIVE,PTA,CPTA, MP TA,SSG,SPG,SAFETYCLUB,JAAGRATHASAMITHY,VIMUKTHYCLUB,തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതവും ശക്തമായ രീതിയിൽ നടന്നുവരുന്നു.മേൽപ്പറഞ്ഞവയുടെ പ്രവർത്ത
നങ്ങൾസമയാനുസൃതംനടത്തുകയുംറിപ്പോർട്ടുകൾ സൂക്ഷിക്കുകയും ചെയ്യുന്നു
ഓരോക്ലബ്ബിലുംഉൾപ്പെടുത്തുവാൻ പറഞ്ഞിരി ക്കുന്നഎല്ലാ പ്രതിനിധികളെയും ഉൾപ്പെടു ത്തുകയും വിദ്യാലയത്തിന്റെ യും കുട്ടികളു ടെയുംനന്മയ്ക്കും സംരക്ഷണത്തിനും വേണ്ടി യുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യു ന്നു.

| | | |
|---|---|---|
| 1 | ഗണിത ക്ലബ് | ക്ലബ് അംഗങ്ങളെ തിരഞ്ഞെടുത്തു മാക്സ് ക്വിസ് മാഗസിൻ ജോമെട്രിക്കൽ പാറ്റേൺ നമ്പർ പാറ്റേൺ സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ യുവർ കൺസ്ട്രക്ഷൻ അപ്ലൈഡ് കൺസ്ട്രക്ഷൻ ജിയോജിബ്ര എന്നിവയെല്ലാം മത്സരങ്ങൾ വെച്ച് |

| | | |
|---|---|---|
| 2 | സോഷ്യൽ ക്ലബ് | പ്രതിഭകളായ വരെ തിരഞ്ഞെടുക്കുന്നു സെമിനാറുകൾ പേപ്പർ പ്രസന്റേഷനുകൾ എന്നിവ നടത്തുന്നു ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ഗണിത ബുക്കുകൾ പരിചയപ്പെടുത്തൽ വേദഗണിതം,ഗണിത മേഖല മറ്റു മേഖലകളും ആയി എങ്ങനെ ബന്ധപ്പെട്ട് കിടക്കുന്നു എന്നതിനെ കുറിച്ചുള്ള സെമിനാറുകൾ എന്നിവ നടത്തുന്നു.ക്ലാസ് സ്ഥലത്തിലുള്ള മാഗസിൻ കോമ്പറ്റീഷനുകൾ സംഘടിപ്പിക്കുന്നു.ഗണിതം നിത്യ ജീവിതത്തിൽ എങ്ങനെയാണ് ഉൾപ്പെടുന്നത് എന്ന ബോധ്യം കുട്ടികൾക്ക് നൽകുന്നു. |
| 4 | ഇംഗ്ലീഷ് മലയാളം ഹിന്ദി ക്ലബ്ബുകൾ | ഭാഷ പരിപോഷിപ്പിക്കുവാൻ വായനാ മത്സരം എഴുത്തു മത്സരം പ്രസംഗം മാഗസിൻ കഥ കവിത ഉപന്യാസം മത്സരങ്ങൾ സെമിനാർ പോസ്റ്റർ നിർമ്മാണം ആൽബം പത്രനിർമ്മാണം എന്നിവ ചെയ്യുന്നു |
| 5 | IT ക്ലബ്ബ് | അനിമേഷൻപ്രോഗ്രാം വെബ്സൈറ്റ് മലയാളം ടൈപ്പിംഗ് തുടങ്ങിയവക്ക് പരിശിലനം നൽകുന്നു.ഡിജിറ്റൽ മാഗസിൻ ഡിജിറ്റൽ പത്രം എന്നിവ തയ്യാറാക്കുന്നു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ പോസ്റ്ററുകൾ ഡിജിറ്റൽ റിപ്പോർട്ടുകൾ ഉണ്ടാക്കുന്നു. |
| 6 | ഹെൽത്ത് ക്ലബ് | ബോധവൽക്കരണ ക്ലാസുകൾ സഹവാസ ക്യാമ്പുകൾ സെമിനാർ ഹെൽത്ത് ഡേ ,ക്ലീനിംഗ് വാക്സിനേഷനുകൾ എന്നിവ നൽകുന്നു. |

## School Assembly

- വിവിധ വിഷയങ്ങളെപ്പറ്റി പ്രസംഗം
- വിവിധ ഭാഷകളിലുള്ള പ്രാർത്ഥന

- News reading
- Headmistress ന്റെ സന്ദേശം
- പ്രധാന ദിനങ്ങളുടെ വിഷയാവതരണം

## Guiding, Redcross, DCL, KCSL

- garden
- Vegetable garden
- Leadership Program
- Cleaning Awareness Programme
- വിവിധ മത്സരങ്ങൾ
- സഹവാസ ക്യാമ്പ്

- Cleaning classroom & environment
- വിദഗ്ദ്ധരുടെ ക്ലാസ്സുകൾ
- Seminar
- Awareness programme
- Health day - cleaning day
- Medical camp
- Vaccination

## പരീക്ഷകൾ

- Continuous Evaluationഓരോ ദിവസവും നടത്തുന്നു
- Unit Evaluationഓരോ യൂണിറ്റിന്റെ അവസാനം
- Monthly Test
- Term Test
- Scholarship. Talent Test

### പദ്ധതി രൂപീകരണം പ്രക്രിയ-വിവിധ ഘട്ടങ്ങളിൽ

### മുന്നൊരുക്കങ്ങൾ

ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിനും പൊതു സമൂഹത്തിന് മതിപ്പ് ഉളവാക്കുന്നതിനും വേണ്ടി 'സമഗ്രഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രേഖ' യ്ക്ക് രൂപം കൊടുത്തു.

എസ്.ആർ.ജി. യോഗത്തിൽ വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു.

. തുടർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയതലം (ഭൗതികം, അക്കാദമികം, സാമൂഹികം) കരട് എഴുതി തയ്യാറാക്കി.

വിദ്യാലയ വികസന കാഴ്ചപ്പാട് ചർച്ച ചെയ്യുന്നതിനായി ശില്പശാല സംഘടിപ്പിച്ചു. നേതൃത്വം നൽകിയവർ (എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ., ഒ.എസ്.എ. സാമൂഹിക-രാഷ്ട്രീയ സന്നദ്ധസംഘടനാ പ്രതിനിധികൾ) റിട്ടയേർഡ് സ്റ്റാഫ്

കണ്ടെത്തിയ വികസന പദ്ധതികൾ അവതരിപ്പിച്ചു. (അവതരണം, ചർച്ച)മികച്ച വിദ്യാലയ മാതൃകകൾ പരിചയപ്പെടുത്തി.

### വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം - നിലവിലെ അവസ്ഥ

| | | |
|---|---|---|
| 1 | അഡീഷണൽ ക്ലാസ് മുറികൾ | 4 |
| 2 | Toilet | 36 |
| 3 | സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | കിണർ മുൻസിപ്പാലിറ്റി വെള്ളം ലഭ്യമാണ് |
| 4 | office room | 2+1 |
| 5 | Staff room | 1 |
| 6 | ചുറ്റുമതിൽ | ഉണ്ട് |
| 7 | റാമ്പ് | ഉണ്ട് |
| 8 | അടുക്കള ഭക്ഷണശാല Store room | 1+2+ 1 |
| 9 | സൗകര്യപ്രദമായ ഓഡിറ്റോറിയം | 1 |
| 10 | ബാസ്ക്കറ്റ്ബോൾ കോർട്ട് | 1 |
| 11 | ബസ് ഷെഡ് | 2 |
| 12 | വെജിറ്റബിൾ ഗാർഡൻ | |
| 13 | റീഡിങ് റൂം വിത്ത് ലൈബ്രറി | 2 |
| 14 | മ്യൂസിക് റൂം | 1 |
| 15 | ഗ്രീൻ റൂം | 1 |
| 16 | സ്റ്റോർ റൂം | 2 |
| 17 | സയൻസ് ലാബ് | 1 |
| 18 | ഐടി ലാബ് | 1 |

ITഅനുബന്ധസാമഗ്രികളുടെ നിലവിലുള്ള അവസ്ഥ

| | |
|---|---|
| ഡെസ്ക്ടോപ്പ് | 4 |
| ലാപ്ടോപ്പ് | 35 |
| പ്രൊജക്ടർ | 14 |
| ടിവി | 1 |
| ഡിവിഡി പ്ലെയർ | 1 |
| ഇൻറർനെറ്റ് കണക്ഷൻ | YES |
| വെബ്സൈറ്റ് | YES |

| | |
|---|---|
| ഇമെയിൽ ഐഡി | YES |
| ക്യാമറ | 1 |
| കെഫോൺ | NO |

## വിദ്യാലയ വികസന കാഴ്ചപ്പാട്

### അക്കാദമികം

- സബ്ജക്ട് കൗൺസിൽ
- ക്ലബ് പ്രവർത്തനങ്ങൾ
- പഠനോപകരണ നിർമ്മാണം. ശേഖരണം
- ലാബ് പ്രവർത്തനങ്ങൾ
- ലൈബ്രറി പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- കലാകായിക പ്രവൃത്തി പരിചയം
- പഠനയാത്ര
- ഫീൽഡ് ട്രിപ്പ്
- സഹവാസക്യാമ്പ്
- വിദഗ്ധ ക്ലാസ്സുകൾ
- ക്ലാസ്സ്തല സെമിനാറുകൾ
- വിശിഷ്ടാതിഥി അഭിമുഖം

- സ്കൂൾതലമേളകൾ
- ക്ലാസ്സ് പത്രങ്ങൾ
- യൂണിറ്റ് ടെസ്റ്റുകൾ മൂല്യനിർണ്ണയം
- Rank list പ്രസിദ്ധികരിക്കൽ
- പ്രധാന അധ്യാപിക കുട്ടികളുടെ നോട്ട്ബുക്ക് സൂക്ഷ്മ പരിശോധന
- പഠനമികവിന് പ്രോത്സാഹനം നൽകൽ - ഗ്രേഡ് നൽകൽ
- ആഴ്ചതോറുമുള്ള പരീക്ഷകൾ

ഭൗതികം

- ശിശുസൗഹൃദക്ലോസ്സ്
- സ്മാർട്ട്റൂമുകൾ
- കളിസ്ഥലം
- കളി ഉപകരണങ്ങൾ
- മാലിന്യ സംസ്കരണ സംവിധാനം
- ഹരിത വിദ്യാലയം
- ലാബ് ലാബ് സാമഗ്രികൾ
- ലൈബ്രറി പുസ്തകങ്ങൾ
- ഐസിടി സൗകര്യങ്ങൾ
- ഇൻററർനെറ്റ് ലഭ്യത
- ഡിജിറ്റൽ ക്ലാസ്സ് റൂം
- ഇൻഡോർ കായിക ക്ഷമത കേന്ദ്രങ്ങൾ

സാമൂഹികം

- സി പി ടി എ
- ഒ എസ് എ

- ഭവന സന്ദർശനം
- ബോധവൽക്കരണ ക്ലാസുകൾ
- കൗൺസിലിംഗ്
- ആഘോഷ ദിനങ്ങൾ ജനകീയമാക്കൽ
- പൂർവ്വ ജീവനക്കാരുടെ സംഗമം
- വ്യാപാര വ്യവസായികളുടെ സഹകരണം
- പൊതുമേഖല സ്ഥാപനങ്ങളുടെ പങ്കാളിത്തം
- അഭ്യുദയകാംക്ഷികളുടെ പങ്കാളിത്തം
- ഡ്രൈവേഴ്സിന്റെ സഹകരണം

## വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ

ഉപമേഖല - വായന - വായനയുടെ സ്വർഗ്ഗം

1 ഒരു പുസ്തകമെങ്കിലും ഒരു കുട്ടിക്ക് സ്വന്തം

2. Reading Corner - ജന്മദിന സമ്മാനമായി കുട്ടികൾ പുസ്തകങ്ങൾ നൽകുന്നു.

3. മലയാളത്തിലെ വിഖ്യാതമായ പ്രസാധകരുടെ പുസ്തകങ്ങൾ അടുത്ത റിയാൻ അവസരം - പബ്ലിക് ലൈബ്രറി സന്ദർശനം.

4. വിദ്യാലയത്തിലെ എല്ലാ സ്റ്റാഫും സാമ്പത്തിക പങ്കാളികൾ.

5. ഫാനും ലൈറ്റുമുള്ള കമനീയ റീഡിംഗ് റൂം.

6. ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഒരേ സമയം ഇരുന്ന് വായിക്കാനുള്ള ഫർണിച്ചറുകളും അവസരവും നൽകുന്നു.

7. രാവിലെയും വൈകീട്ടും ഇടവേളകളിലും കുട്ടികൾ റീഡിംഗ് റൂം ഉപയോഗിക്കുന്നു.

8. പുസ്തകങ്ങൾ അടുക്കി ചിട്ടയോടെ വയ്ക്കുന്നതിന് ഓരോ ക്ലാസി ലെയും സർഗവേദി കൺവീനറുടെ നേതൃത്വത്തിലുള്ള ടീം.

9. ഒന്നിടവിട്ട ആഴ്ചകളിൽ ക്ലാസ് ടീച്ചറിന്റെ മേൽനോട്ടത്തിൽ പുസ്തക വിതരണം.

10. വായിച്ച പുസ്തകങ്ങളിലെ ആകർഷണീയമായ ഭാഗങ്ങൾ പങ്കു വെയ്ക്കൽ, വായനാകുറിപ്പ് കൈമാറി വായിക്കൽ

11. ഒന്നിടവിട്ട ആഴ്ചകളിലെ സർഗവേള-കുട്ടികളിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ.

12. ക്ലാസുകൾതോറും കയ്യെഴുത്ത് മാസികകൾ. മികച്ചവയ്ക്ക് പ്രോത്സാ ഹന സമ്മാനം

13. സർഗവേളകളിലെ മികച്ച പ്രകടനങ്ങൾക്ക് മാസത്തിലൊരിക്കൽ സ്റ്റേജിൽ അവതരിപ്പിക്കാൻ അവസരം.

ഉപമേഖല - മാധ്യമ പ്രവർത്തനം

1. വിത്യസ്തമായ പത്രങ്ങളുടെ ലഭ്യത

2. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ നേർക്കാഴ്ച്ച വ്യത്യസ്ത മീഡിയവഴി പ്രതിഫലിക്കുന്നു.

3.വിദ്യാലയത്തിന്റെ മികവ് വിളിച്ചോതുന്ന ന പ്രവർത്തനങ്ങൾ ങ്ങളുടെപ്രസിദ്ധപ്പെടുത്തു ൽ.

4. പുതുമ നിറഞ്ഞതും വിദ്യാർത്ഥികളിൽ നന്മയും സാമൂഹ്യബോധനും ഉത്തരവാദിത്വവും സർഗ്ഗാത്മകതയും ഉണർത്തുന്ന പഠന പാഠ്യേതര പ്രവർത്തനങ്ങളുടെ പങ്കു വെയ്ക്കലിനു മാധ്യമങ്ങൾ ഉപയോഗിക്കുന്നു.

5. വിദ്യാലയം - വെബ്സൈറ്റിന്റെ നവീകരണം

6. OSA, OTA ,PTA Group കൾ ,പ്രവർത്തനങ്ങൾ

7. അനുദിന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രസദ്ധികരിക്കൽ

ഉപമേഖല - ആശയവിനിമയശേഷി വികാസം

1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം ഭാഷകളിലുള്ള ക്രിയാത്മക മായ പ്രവർത്തനങ്ങൾ.

2. കുട്ടികളുടെ സർഗശേഷി വളർത്താനും അവരിലെ നന്മയും പുത്തൻ ചിന്തകളും തിരിച്ചറിയാനും അവസരം.

3. കുട്ടികളുടെ ആത്മവിശ്വാസവും കൂട്ടായ്മയും വളർത്തുക.

4. ഭാഷാക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ ഭാഷകളിലും ഉള്ള അസംബ്ലി.

5. ഗണിതം മധുരം - ശില്പശാല

6. ലാഗ്വേജ് ലാബ് - ഇംഗ്ലീഷ് പത്ര വിതരണം, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ

7. ഗണിത വിസ്മമയ ക്ലാസുകൾ
8.വിദ്യാലയത്തിന്റെ പത്രമായ ഇൻഫന്റ് ജീസസ് വോയിസിൽ കുട്ടികളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കൽ
9 സർഗവേള

ഉപമേഖല - പഠനപിന്നോക്കാവസ്ഥ - ഒപ്പം ഒപ്പത്തിനൊപ്പം

1. പഠന പിന്നോക്കാവസ്ഥയ്ക്കുള്ള പരിഹാര ബോധനം.

2. മൂന്ന് ഭാഷകളിലും എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പൊതുധാരയിലെത്തിക്കുന്നതിനായി എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനം.

3. കുട്ടികൾക്ക് വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നു.
4. “കൂടെ “ പദ്ധതിയുടെ പ്രവർത്തനങ്ങൾ.

ഉപമേഖല പ്രതിഭാ പോഷണം പദ്ധതി-സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

1. എല്ലാ സ്കോളർഷിപ്പുകൾക്കും പരിശീലനം

2. അവധിക്കാലത്തും അവധി ദിവസങ്ങളിലും ക്ലാസുകൾ

3. പ്രഗത്ഭരായവരുടെ ക്ലാസുകൾ

4. mock Test കൾ

5. രാത്രികാല ക്ലാസുകൾ

ഭൗതികം

ഉപമേഖല   പോഷകാഹാരം വിതരണം

1. പച്ചക്കറിത്തോട്ടം

2. തിളപ്പിച്ച വെള്ളം

3. വീട്ടിൽ നിന്നും വിഭവങ്ങൾ

4. ഓരോ കുട്ടിക്കും സ്വന്തമായി ഗ്ലാസും പ്ലേറ്റും

5. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമിതി

6. അമ്മമാരുടെ സാന്നിദ്ധ്യം

7. അധ്യാപകരും കുട്ടികളും ഒന്നിച്ചുള്ള ആഹാരം

8. P.T.A. യുടെ സാമ്പത്തിക സഹായം

7.. പൊതു ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾതലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണ വിതരണം

ഉപമേഖല - കായിക വിദ്യാഭ്യാസ സൗകര്യം

1. കായിക പീരീഡുകൾ ഗ്രൗണ്ടിൽ.

2. മാസ് ഡ്രിൽ, കബഡി, ഖോ-ഖോ, ഷട്ടിൽ, High Jump, Long jump,

ഡിസ്കസ്, ജാവലിൻ , റിലേ, ഷോട്ട്പുട്ട് പരിശീലനം.

3. ചെസ് പരിശീലനം

4. അവധിക്കാലത്ത് തയ്യൽ. എംബ്രോയിഡറി, പപ്പറ്റ് നിർമ്മാണം

5.സുംബോ മ്യൂസിക്, യോഗ. Instruments - പരിശീലനം

6. ഇൻഡോർ ഗെയിംസ് പരിശീലനം

7. കളി ഉപകരണങ്ങൾ ലഭ്യമാക്കൽ'

8. കായിക പരിശീലകരെ സ്പോൺസർ ചെയ്യൽ.

ഉപമേഖല - സ്കൂൾ ആകർഷകത്വം

1 ടൈൽ പതിച്ച ക്ലാസ്മുറികൾ വരാന്തകൾ

2 എല്ലാ ക്ലാസ്സിലും പ്രൊജക്റ്റർ സൗകര്യങ്ങൾ
3.സൈക്കിൾ ഷെഡ്

4. എല്ലാ ക്ലാസിലും മൾട്ടിമീഡിയ സൗകര്യങ്ങൾ

5. പ്ലാസ്റ്റിക് രഹിത വിദ്യാലയം

6 Interior & Exterior Designing.

(Painting, Glass works)

7. അധ്യാപകർക്ക് നല്ല Dressing code

8. ചെടിച്ചട്ടികൾ, വളം, കൃഷി ഉപകരണങ്ങൾ എന്നിവ യുടെ ലഭ്യത

9. സ്കൂൾ ഉദ്യാനത്തിന് ആവശ്യമായ സൗകര്യങ്ങൾ

ഉപമേഖല - വിദ്യാലയ പരിസരം

1. വിദ്യാലയാങ്കണത്തെ ഹരിതാഭമാക്കൽ

2. പൂന്തോട്ടം

3. ജൈവവൈവിധ്യോദ്യാനം

4. ഔഷധോദ്യാനം

5. പരിസ്ഥിതി, ആരോഗ്യം, ഗാന്ധിദർശൻ എന്നിവരുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ ബന്ധിപ്പിക്കൽ

6. സഞ്ജീവനി

7.മാസത്തിലൊരിക്കൽ കുട്ടികളുടെ വൈവിധ്യമാർന്ന രുചിമേളകൾ സംഘടിപ്പിക്കൽ

8.മാസത്തിലൊരിക്കൽ കുട്ടികളുടെ അഭിരുചികൾ, പ്രകടനങ്ങൾ, ചിത്ര രചനാ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കൽ

9. രക്ഷിതാക്കളുടെ പരിപൂർണ്ണ പിന്തുണ ഉറപ്പാക്കൽ.

ICT സാധ്യത

1. എല്ലാ ക്ലാസിലും മൾട്ടിമീഡിയ പഠന സൗകര്യം.

2. Wifi ലഭ്യത

3. ലാപ്ടോപ്പ് ലഭ്യത കൂട്ടൽ
4. Smart room നവീകരണം

ഉപമേഖല - ശുചിത്വം

1. അധ്യാപകരും വിദ്യാർത്ഥികളും ശുചിത്വത്തിനായ് 1/2 hr ചെലവഴിക്കുന്ന 100 hr പദ്ധതി.

2. മാലിന്യസംസ്കരണം

3. ആഴ്ചയിലൊരിക്കൽ ഡ്രൈഡേ.

4. ടോയ്റ്റുകളുടെ ശുചിത്വം ഉറപ്പാക്കാൻ ശുചിത്വസേനയും അധ്യാപകരുടെയും ഇടപെടൽ

5. വാട്ടർ പ്യൂരിഫയർ ഉപയോഗം

6. Sanitary Napkin വൈൻഡിംഗ് മെഷീൻ

7. Honesty Shop

8. മുറ്റത്ത് വെള്ളം നിൽക്കുന്നത് ഒഴിവാക്കൽ

സാമൂഹികം

ക്ലാസ് പി.ടി.എ.

1. ഓരോ മാസത്തിലും ക്ലാസ് പി.ടി.എ.

2. കൃത്യമായി മാസം തോറും നടത്തുന്ന പരീക്ഷകൾ

3. ഓരോ പരീക്ഷയ്ക്കു ശേഷവും ഗ്രേഡ് നൽകുന്നു

4.കുട്ടികളുടെകലാ-കായിക-സ്വഭാവ രൂപീകരണ മേഖലകളിലെ സമഗ്രമായ വികസനത്തിന് ഊന്നൽ

5. വിദ്യാലയത്തിലെ ഓരോ പൊതുപരിപാടിയിലും രക്ഷിതാവിനെ സാന്നിദ്ധ്യം ഉറപ്പു വരുത്താൻ ക്ലാസ് പി.ടി.എ. സഹായിക്കുന്നു.

6. പാഠ്യപാഠ്യേതർ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടൽ
7. അധ്യാപക-അനധ്യാപക പൂർവ്വജീവനക്കാരുടെ കൂട്ടായ്മയും പിന്തുണയും

8 അഗതിമന്ദിര സന് ദർശനങ്ങൾ, എന്റെ സുഹൃത്തിന് ഒരു ഓണപുടവ പരസ്പ്പരം സാന്ത്വനവും സഹായവും നല്കുന്ന പ്രവർത്തനങ്ങൾ

9. കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള ഒട്ടേറെ സ്കോളർഷിപ്പുകൾ.

ഉപമേഖല - സ്കൂൾ വാർഷികാഘോഷം

1. പ്രഥമാധ്യാപകനും സഹാധ്യാപകരും രക്ഷിതാക്കളും ഒരുമിച്ചുള്ള കലാ പരിപാടികൾ.

2.അമ്മമാരുടെ നേതൃത്വത്തിലുള്ള പരിപാടികൾ

3. കുട്ടികളുടെ കലാപരിപാടികൾ.

4.PTAയുടെ നേതൃത്വത്തിലുള്ള പരിപാടികൾ

5.ദേശസ്നേഹത്തിന്,നാനാത്വത്തിൽ ഏകത്വത്തിന്പ്രാധാന്യം കൊടുക്കുന്ന കലാപരിപാടികൾ

6.മൂല്യബോധം നല്കുന്ന പരിപാടികൾ

Basketball court, ഐസിടി ലാബ്, പുതിയ സ്കൂൾ കെട്ടിടം, ഓഡിറ്റോറിയം വൈഫൈസൗകര്യം, ഹൈ ടെക് ക്ലാസ് മുറികൾ, extra curricular activities ന് ആവശ്യ മായസൗകര്യങ്ങൾ, കലാകായിക പരിശീലനം, ഇൻസ്ട്രമെന്റൽ മ്യൂസിക് പരിശീലനം. തായ്ക്കോണ്ട പരിശീലനം, ചെസ്സ് പരിശിലനം പഞ്ചഗുസ്തി പരിശിലനം വാദ്യ പരിശീലനം. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, കൗൺസിലിംഗ് പ്രോഗ്രാമുകൾ, പ്രസംഗ പരിശീലനം, മാസംതോറും ഉള്ള യൂണിറ്റ് ടെസ്റ്റുകൾ, NMMS,USS തുടങ്ങിയ സ്കോളർഷിപ്പുകൾക്കായുള്ള

പ്രത്യേക പരിശീലനം എന്നീ പ്രവർത്തനങ്ങൾ വിദ്യാലയത്തെ മികവുറ്റതാക്കുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പോലും വിദ്യാർത്ഥിനികൾ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച് വിജയികളായി എന്നത് വളരെ അഭിമാനകരമാണ് അതിന് ആവശ്യമായ പരിശീലനങ്ങൾ പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു.
ഈ പ്രവർത്തനങ്ങളുടെ ശക്തമായ തുടർപ്രവർത്തനം ഉറപ്പാക്കൽ'

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# മേഖല – ഹൈസ്കൂൾ – സയൻസ് – Physics, Chemistry, Biology

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക . പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – ഗണിതം

